**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1934 04.12.2018 ൽ മറുപടിയ്ക്ക്**

**ബസ് അപകടങ്ങൾ**

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വകാര്യ ബസ്സുകൾ നിരന്തരം അപകടം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് 2006 ജനുവരി 1 മുതൽ 2018 ഒക്ടോബർ 31 വരെ എത്ര പേർ മരണപ്പെട്ടു; എത്ര അപകടങ്ങൾ സംഭവിച്ചു; വിശദാംശം വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ നിരത്തുകളിൽ മറ്റു വാഹനങ്ങളുടെകൂടെ സ്വകാര്യ ബസ്സുകളും അപകടങ്ങളിൽ പെടുന്നു. SCRB – യുടെ കണക്കുപ്രകാരം കേരളത്തിൽ 2008 മുതൽ 2018 ഒക്ടോബർ 31 വരെ 55217 സ്വകാര്യ ബസ്സ് അപകടങ്ങളിലായി 7293 പേർ മരണപ്പെട്ടു. |
| (ബി) | ഇത്തരം വാഹനാപകടങ്ങളിൽ മുഖ്യമായൊരു പങ്ക് സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം കൊണ്ടാണ് എന്നത് ശ്രദ്ധയിൽപെട്ടുവോ; | (ബി) | ബസ്സുകളുടെ മത്സര ഓട്ടം കൂടാതെ ഡ്രൈവർമാരുടെ അശ്രദ്ധ, അപകടത്തിൽ പെട്ട ഇതരവാഹനങ്ങളിലെ ഡ്രൈവർമാർ വരുത്തുന്ന പിഴവുകൾ കാൽനടയാത്രക്കാരുടെ അശ്രദ്ധ, യന്ത്രത്തകരാറുകൾ എന്നിവയും അപകടങ്ങൾക്ക് കാരണമാകുന്നുണ്ട്. |
| (സി) | എങ്കിൽ നിരന്തരം അപകടം ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുവാനും ഇവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുവാനും കർശന നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | (സി) | അപകടത്തിൽ പെടുന്ന ഡ്രൈവർമാർക്കെതിരെ കർശന നടപടികളെടുക്കുകയും, അശ്രദ്ധമായി ഡ്രൈവിംഗ് നടത്തിയ ഡ്രൈവർമാരുടെ ലൈസൻസുകൾ സസ്പെന്റ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞ മൂന്ന് മാസങ്ങളിലെ തുടർനടപടിയുടെ കണക്ക് ചുവടെ ചേർക്കുന്നു.<br>ഓഗസ്റ്റ് - 886<br>സെപ്റ്റംബർ - 1955<br>ഒക്ടോബർ - 2591 |
| (ഡി) | സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെടുന്ന എത്ര അപകടങ്ങൾ 2006 ജനുവരി 1 മുതൽ 2018 ഒക്ടോബർ 31 വരെ നിരത്തുകളിൽ സംഭവിച്ചു; ആയതിന്റെ ഫലമായി എത്ര പേർ മരണപ്പെട്ടു; വിശദമാക്കുമോ; | (ഡി) | 2006 ജനുവരി 1 മുതൽ 2018 ഒക്ടോബർ 31 വരെ 15,226 അപകടങ്ങൾ സംഭവിച്ചു. ആയതിന്റെ ഫലമായി 2,635 പേർ മരണപ്പെട്ടു. |
| (ഇ) | ഡ്രൈവർമാരുടെ പരിചയക്കുറവും അശ്രദ്ധയും, അശാസ്ത്രീയ ഷെഡ്യൂളുകളും ആണോ കെ.എസ്.ആർ.ടി.സി. ബസ്സ് ഓടിക്കുമ്പോൾ ഉണ്ടാകുന്ന അപകടങ്ങ | (ഇ) | ബസ് അപകടങ്ങൾ ഒഴിവാക്കുന്നതിനായി വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഡ്രൈവർ, കണ്ടക്ടർ വിഭാഗം ജീവനക്കാർക്ക് നൽകുന്നുണ്ട്. കൂടാതെ, നൂതന സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിലും വേണ്ടത്ര ശ്രദ്ധ |

| | | | |
|---|---|---|---|
| | ൾക്ക് കാരണമാകുന്നതെന്നും ഇത് ഒഴിവാക്കാനായി എന്തൊക്കെ കർശന നിർദ്ദേശങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | | പുലർത്തുന്നുണ്ട്.<br><br>ഡ്രൈവർമാർക്ക് ആവശ്യമായ പരിശീലനവും തുടർ പരിശീലനവും നൽകി വരുന്നുണ്ട്. പുതിയതരം ബസ്സുകളും, നൂതന സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തേണ്ട സാഹചര്യങ്ങളിൽ ഇത് സംബന്ധിച്ച് പ്രത്യേക പരിശീലനവും നൽകാറുണ്ട്. വകുപ്പുതല അന്വേഷണത്തിൽ പോരായ്മ കണ്ടെത്തുന്ന ജീവനക്കാർക്ക് കറക്റ്റീവ് ട്രെയിനിംഗ് നൽകുന്നതിന് വേണ്ട നടപടികളും കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്.<br><br>ദീർഘദൂര സർവ്വീസുകളിൽ ഡ്രൈവർമാരെ നിശ്ചിത സമയം ജോലിക്ക് ശേഷം മാറ്റുന്നതിനും (ക്രൂ ചെയ്ഞ്ച്/ ഡ്രൈവർ ചെയ്ഞ്ച് സംവിധാനവും) ഡ്രൈവർ കം കണ്ടക്ടർ സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ